**15 -ാം കേരള നിയമസഭ**

**9 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 394** **08-08-2023 - ൽ മറുപടിയ്ക്ക്**

**സമുന്നതി പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ ജി സ്റ്റീഫൻ | | ശ്രീ. എം.ബി. രാജേഷ്<br>(തദ്ദേശ സ്വയംഭരണം, എക്സൈസ് വകുപ്പ് മന്ത്രി) | |
| (എ) | ഗ്രാമീണ ഉപജീവന മിഷൻ മുഖേന നടപ്പിലാക്കുന്ന സമുന്നതി പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) | സംസ്ഥാനത്ത് കുടുംബശ്രീ മുഖേന നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഗ്രാമീണ ഉപജീവന മിഷന്റെ (NRLM) നിർദ്ദേശമനുസരിച്ച് പട്ടികജാതി വിഭാഗക്കാരുടെ ഉന്നമനത്തിനായി ആരംഭിച്ച പദ്ധതിയാണ് സമുന്നതി. NRLM-ന്റെ വാർഷിക കർമ്മ പദ്ധതിയിൽ (2023-24) ഉൾപ്പെടുത്തി പാലക്കാട് ജില്ലയിലെ കുഴൽ മന്ദം ബ്ലോക്കിലെ 7 CDS-കൾ കേന്ദ്രീകരിച്ചുള്ള പ്രവർത്തനങ്ങളാണ് ആദ്യ ഘട്ടത്തിൽ നടപ്പിലാക്കുന്നത്. അയൽക്കൂട്ടങ്ങളുടെ രൂപീകരണവും ശക്തിപ്പെടുത്തലും, ലഘുസമ്പാദ്യ വികസന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തൽ, അയൽക്കൂട്ടങ്ങൾക്കും CDS-കൾക്കും ഫണ്ട് നൽകൽ, കാർഷിക-മൃഗസംരക്ഷണ മേഖലകൾ കേന്ദ്രീകരിച്ചുള്ള ഉപജീവന പ്രവർത്തനങ്ങൾ, പ്രാദേശിക വിഭവ സാധ്യതകൾ കണ്ടെത്തിയുള്ള സൂക്ഷ്മ സംരഭ രൂപികരണം, തൊഴിൽ മേളകൾ സംഘടിപ്പിക്കൽ, സാമൂഹ്യ വികസന പ്രവർത്തനങ്ങൾ, ആരോഗ്യ ശുചിത്വ പോഷകാഹാര വിദ്യാഭ്യാസ പരിപാടികൾ തുടങ്ങിയ വിപുലമായ പ്രവർത്തനങ്ങളാണ് വിഭാവനം ചെയ്തിട്ടുള്ളത്. |
| (ബി) | പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തി അരുവിക്കര മണ്ഡലത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവർത്തനങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (ബി) | ആദ്യഘട്ടത്തിൽ സമുന്നതി പദ്ധതി കുഴൽമന്ദം ബ്ലോക്കിൽ മാത്രമാണ് നടപ്പിലാക്കുന്നത്. ആയതിന്റെ പുരോഗതികൾക്കനുസരിച്ചാണ് പദ്ധതി മറ്റ് സ്ഥലങ്ങളിലേക്ക് വിപുലീകരിക്കുന്നത്. |

സെക്ഷൻ ഓഫീസർ